ടെലഫോൺ:2721278

എൻ.സി.സി ഡയറക്ടറേറ്റ്
(കേരളവും ലക്ഷദ്വീപും)
സംസ്ഥാന വിഭാഗം
തിരുവനന്തപുരം

നമ്പർ. 1712/ഐ.റ്റി സെൽ/2022/എൻ.സി.സി

11 ഏപ്രിൽ 2022

അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും
യൂണിറ്റുകൾക്കും

സർ,

വിഷയം : എൻ.സി.സി എസ്റ്റാ - ഐ.ടി ഉപകരണങ്ങളുടെ കണ്ടംനേഷൻ - സംബന്ധിച്ച്.

സൂചന : എൻ.സി.സി ഡയറക്ടറേറ്റ് കത്ത് നമ്പർ 4940/D2-Est/Condmn Bd/16/NCC dated 08 Nov 2021.

സൂചനയിലേയക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന കത്ത് പ്രകാരം എൻ.സി.സി ഡിപ്പാർട്ട്മെന്റിൽ ടെക്നിക്കൽ/നോൺ ടെക്നിക്കൽ ഉപകരണങ്ങളുടെ കണ്ടംനേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ യൂണിറ്റുകളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകളിലെ രേഖകളിലെ പിശകുകളും അപര്യാപ്തതകളും മൂലം പ്രസ്തുത നടപടി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി വിഷയത്തിൽ എല്ലാ ഗ്രൂപ്പുകളിലെയും മാനേജർമാരും യൂണിറ്റുകളിലെ ജൂനിയർ സൂപ്രണ്ടുമാരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കണ്ടംനേഷൻ നടപടികൾ പൂർത്തീകരിച്ച് എ.ഡി.ജിയുടെ അംഗീകാരത്തിനായി അയക്കുന്ന രേഖകൾ സൂചന ഉത്തരവ് (1) പ്രകാരം തന്നെയാണ് സമർപ്പിച്ചിരിക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തിയതിനു ശേഷം മാത്രമേ ഡയറക്ടറേറ്റിലേക്ക് സമർപ്പിക്കുവാൻ പാടുള്ളു. കൂടാതെ എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും തങ്ങളുടെ കീഴിലുള്ള യൂണിറ്റുകളിൽ നിന്ന് കണ്ടംനേഷൻ പ്രൊപ്പോസൽ ഡയറക്ടറേറ്റിലേക്ക് സമർപ്പിക്കുന്ന വേളയിൽ രേഖകളിൽ പിശകുകളില്ലായെന്നും ആവശ്യമുള്ള അനുബന്ധങ്ങളെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

NCC DIRECTORATE
STATE WING
Thiruvananthapuram -10
KERALA & LAKSHADWEEP

(സുമി സന്ദീപിക ജി മാസ്റ്റർലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
അഡീഷണൽ ഡയറക്ടർ ജനറൽ
എൻ.സി.സിക്ക് വേണ്ടി